ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.12.2024**

## പ്രധാനവാർത്തകൾ

1) **പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു; റെയിൽവേ ഭേദഗതി ബിൽ 2024 ഇന്ന് ലോകസഭയിൽ ചർച്ചയ്ക്ക്.**

2) **കേരളത്തിലെ റെയിൽ വികസന പദ്ധതികൾക്ക് തടസമാകുന്നത് ഭൂമി ഏറ്റെടുക്കലിലെ കാലതാമസമാണെന്ന് കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്.**

3) **ചേലക്കര എംഎൽഎ ആയി യു.ആർ. പ്രദീപും, പാലക്കാട് എംഎൽഎ ആയി രാഹുൽ മാങ്കൂട്ടത്തിലും സത്യപ്രതിജ്ഞ ചെയ്തു.**

4) **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ വാണിജ്യാടിസ്ഥാന പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കം.**

5) **ഇന്ത്യൻ നാവിക സേനയുടെ നേട്ടങ്ങളുടെ സ്മരണയിൽ ഇന്ന് നാവികസേനാ ദിനം; സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.**

**&&&&&&&&&&&&&&&&**

RNU TVPM

## പാർലമെന്റ്

പാർലമെന്റിന്റെ ഇരുസഭകളിലും ശീതകാല സമ്മേളനം പുരോഗമിക്കുന്നു. ലോക്സഭയിൽ റെയിൽവെ ഭേദഗതി ബിൽ (2024) ഇന്ന് ചർച്ചയ്ക്കെടുക്കും. പാർലമെന്റ് മന്ദിരത്തിന്റെ കവാടത്തിൽ പ്രതിഷേധങ്ങൾ ഒഴിവാക്കണമെന്ന് ലോക്സഭ സ്പീക്കർ ഓം ബിർള അംഗങ്ങളോട് നിർദേശിച്ചു. രാജ്യസഭയിൽ കർഷകരുടെ പ്രശ്നങ്ങൾ ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധിച്ചു.

&&&&&&&&&&&&&&&&

## അശ്വിനി വൈഷ്ണവ് - ലോക്സഭാ (ഇൻട്രോ)

കേരളത്തിലെ റെയിൽ വികസന പദ്ധതികൾക്ക് തടസമാകുന്നത് ഭൂമി ഏറ്റെടുക്കലിലെ കാലതാമസമാണെന്ന് കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷണവ് ലോക്സഭയിൽ അറിയിച്ചു. എറണാകുളം പാതയിലെ തിരക്ക് പരിഹരിക്കുന്നതിനുള്ള വിവിധ നിർദേശങ്ങൾ ചോദ്യോത്തര വേളയിൽ ഉന്നയിച്ച ഹൈബി ഈഡന് മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി. ( വോയിസ്......)

RNUTVPM

&&&&&&&&&&&&&&&&

## അമൃത്സർ വെടിവെയ്പ്പ്

അമൃത്സറിലെ സുവർണ ക്ഷേത്രത്തിന്റെ കവാടത്തിൽ അകാലിദൾ നേതാവും പഞ്ചാബ് മുൻ ഉപമുഖ്യമന്ത്രിയുമായ സുഖ്ബീർ സിങ്ങ് ബാദലിന് നേരെ വെടിവെയ്പ്പ്. അദ്ദേഹം സുരക്ഷിതനാണ്. പ്രവേശന കവാടത്തിൽ സേവദാറായി സേവനം അനുഷ്ഠിച്ച് വരികയായിരുന്നു സുഖ്ബീർ സിങ്ങ് ബാദൽ. അക്രമിയെ ഉടൻ കീഴടക്കി. ആക്രമണത്തെ കേന്ദ്രമന്ത്രി രവ്നീത് സിംഗ് ബിട്ടു പാർലമെന്റിൽ അപലപിച്ചു.

&&&&&&&&&&&&&&&&

## ഉപതിരഞ്ഞെടുപ്പ് - സത്യപ്രതിജ്ഞ

ചേലക്കര എംഎൽഎ ആയി യു.ആർ. പ്രദീപും, പാലക്കാട് എംഎൽഎ ആയി രാഹുൽ മാങ്കൂട്ടത്തിലും സത്യപ്രതിജ്ഞ ചെയ്തു. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ.എൻ ഷംസീർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, മന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കഴിഞ്ഞ മാസമാണ് സംസ്ഥാനത്ത് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്നത്.

&&&&&&&&&&&&&&&&

## പാലക്കാട് - റെയിൽവേ (ഇൻട്രോ)

റയിൽവേ സ്റ്റേഷനുകൾ നവീകരിക്കാനുള്ള കേന്ദ്ര പദ്ധതിയായ അമൃത് ഭാരത് സംരംഭത്തിന്റെ ഭാഗമായി പാലക്കാട് ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിലെ പുതിയ ടിക്കറ്റ് കൗണ്ടർ യാത്രക്കാർക്ക് തുറന്ന് നൽകി.

വിശദാംശങ്ങളുമായി പാലക്കാട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....

(വോയിസ്)

&&&&&&&&&&&&&&&&

## നാവിക സേനാ ദിനം

രാജ്യം ഇന്ന് നാവിക സേന ദിനം ആഘോഷിക്കുന്നു. ഇന്ത്യൻ നാവിക സേനയുടെ മികച്ച നേട്ടങ്ങൾ അനുസ്മരിക്കുന്നതിനാണ് എല്ലാ വർഷവും ഡിസംബർ 4 നാവിക സേന ദിനമായി ആഘോഷിക്കുന്നത്. ഒഡീഷയിലെ പുരിയിൽ ബ്ലൂ ഫ്ലാഗ് ബീച്ചിൽ

RNUTVPM

നടക്കുന്ന നാവികസേന ദിനാചരണ പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. നാവികസേനാ ദിനത്തോടനുബന്ധിച്ച് എല്ലാ നാവികസേനാംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് എന്നിവർ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

## കണ്ണൂർ നാവിക സേനാ ദിനം

നാവിക സേനാ ദിനത്തിന്റെ ഭാഗമായി സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ വിരമിച്ച നാവികസേനാംഗങ്ങളുടെ കൂട്ടായ്മയായ കണ്ണൂർ ഫ്ലീറ്റ് മീറ്റ് രാവിലെ കണ്ണൂരിലെ യുദ്ധസ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. ചടങ്ങിൽ DSC കമാൻഡന്റ് കേണൽ പരംവീർ സിങ് നഗ്ര മുഖ്യാതിഥിയായി.

&&&&&&&&&&&&&&&&

RNUTVPM

## വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാന ഓപറേഷന് തുടക്കമായി. ഇതു സംബന്ധിച്ച പ്രഖ്യാപനവും സർട്ടിഫിക്കറ്റ് കൈമാറലും അൽപസമയത്തിനകം തിരുവനന്തപുരത്ത് നടക്കും.

&&&&&&&&&&&&&&&&

## മഹാരാഷ്ട്ര - ബി.ജെ.പി യോഗം

മഹാരാഷ്ട്രയിൽ ബിജെപിയുടെ മുതിർന്ന നേതാവ് ദേവേന്ദ്ര ഫഡ്നാവിസിനെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു. മഹായുതി സർക്കാരിന്റെ

സത്യപ്രതിജ്ഞ നാളെ വൈകുന്നേരം 5 മണിക്ക് ദക്ഷിണ മുംബൈയിലെ ആസാദ് മൈതാനിയിൽ നടക്കും.

&&&&&&&&&&&&&&&&

## രാഹുൽ ഗാന്ധി- സംഭൽ

അക്രമസംഭവങ്ങളുണ്ടായ ഉത്തർപ്രദേശിലെ സംഭലിൽ സന്ദർശനത്തിനെത്തിയ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ ഗാസിപുർ അതിർത്തിയിൽ പോലീസ് തടഞ്ഞു. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയും രാഹുലിനൊപ്പമുണ്ട്.

&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്ത് ഡിസംബർ മാസത്തെ റേഷൻ വിതരണം നാളെ ആരംഭിക്കും. നീല കാർഡുകാർക്ക് മൂന്നു കിലോയും വെള്ള കാർഡുകാർക്ക് 5 കിലോയും അരി 10 രൂപ 90 പൈസ നിരക്കിൽ അധികവിഹിതമായി ലഭിക്കുമെന്ന് സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് അറിയിച്ചു. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് ഇന്ന് റേഷൻകടകൾക്ക് അവധിയാണ്.

RNU TVPM

&&&&&&&&&&&&&&&&

## നെല്ല് സംഭരണം- മന്ത്രി

ഈ സീസണിലെ നെല്ല് സംഭരണം സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്നും സംഭരിച്ച നെല്ലിന്റെ വില ഈയാഴ്ച നൽകി തുടങ്ങാനാവുമെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ. ധനവകുപ്പിൽ നിന്ന് വില നിശ്ചയിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. വെള്ളിയാഴ്ചയോ ശനിയാഴ്ചയോ തുക കർഷകർക്ക് നൽകി തുടങ്ങും. സംസ്ഥാന സർക്കാർ തുക നൽകുന്നതുമായി ബന്ധപ്പെട്ട തെറ്റായ പ്രചരണം അവസാനിപ്പിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## ശബരിമല- ദർശനം

ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. ഇന്നലെ ആകെ 75,000 ത്തിലേറെ പേർ ദർശനം നടത്തി. സത്രം- പുല്ലുമേട്, എരുമേലി - കാളകെട്ടി കാനനപാതകളും തുറന്നിട്ടുണ്ട്.

&&&&&&&&&&&&&&&&

## ശബരിമല കാനനപാത(ഇൻട്രോ)

യാത്രാ നിരോധനം ഏർപ്പെടുത്തിയിരുന്ന കാനനപാത ശബരിമല തീർത്ഥാടകർക്കായി തുറന്നു. മുൻവർഷത്തേക്കാൾ കൂടുതൽ ഭക്തരാണ് ഇത്തവണ കുമളിയിൽ നിന്നും മുക്കുഴി - സത്രം വഴിയുള്ള കാനന പാത തിരഞ്ഞെടുക്കുന്നത്...

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&

## ഹോക്കി - ഏഷ്യാ കപ്പ്

മസ്കറ്റിൽ നടക്കുന്ന ഹോക്കി ജൂനിയർ ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30 നാണ് മത്സരം. സെമിയിൽ ഇന്ത്യ മലേഷ്യയെയും പാകിസ്ഥാൻ ജപ്പാനെയും പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

## ഐ ലീഗ് ഫുട്ബോൾ

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന ഐ.ലീഗ് ഫുട്ബോളിൽ ഗോകുലം കേരള എഫ് സി - ഐസ്വാൾ എഫ് സി മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും ഓരോ ഗോളുകൾ നേടി. ശനിയാഴ്ച ചർച്ചിൽ ബ്രദേഴ്സ് ഗോവയുമായാണ് ഗോകുലം കേരളയുടെ അടുത്ത മത്സരം.

&&&&&&&&&&&&&&&&

### കൊല്ലം - അപകടം

കൊല്ലം ആര്യങ്കാവിൽ ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ് ലോറിയുമായി കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. മുപ്പതോളം പേർക്ക് പരിക്കേറ്റു. തമിഴ്നാട് സേലം സ്വദേശി ധനപാലനാണ് മരിച്ചത്.

&&&&&&&&&&&&&&&&

## വയനാട് ബസ്സപകടം

വയനാട് പൂക്കോട് വെറ്റിനറി സർവകലാശാലയ്ക്ക് സമീപം ടൂറിസ്റ്റ് ബസ്സ് താഴ്ച്ചയിലേക്ക് മറിഞ്ഞ് നിരവധി പേർക്ക് പരിക്ക്. കർണ്ണാടകയിൽ നിന്നും എറണാകുളത്തേക്ക് സ്കൂൾ വിദ്യാർത്ഥികളെയും കൊണ്ട് വിനോദയാത്ര പുറപ്പെട്ട ബസ്സാണ് അപകടത്തിൽപ്പെട്ടത്. ആരുടെയും പരിക്ക് ഗുരുതരമല്ല.

&&&&&&&&&&&&&&&&

## തദ്ദേശവാർഡ് വിഭജനം

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ കരട് വാർഡ് വിഭജനവുമായി ബന്ധപ്പെട്ട പരാതികൾ ഇന്നു കൂടി സ്വീകരിക്കും. ഇന്നു വൈകിട്ട് 5 മണിക്ക് മുമ്പായി പരാതികളും നിർദേശങ്ങളും ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറിക്കോ ബന്ധപ്പെട്ട ജില്ലാ കലക്ടർക്കോ നൽകാം.

RNU TVPM

നവംബർ 16 നാണ് കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചത്. തദ്ദേശസ്ഥാപനത്തിന്റെ ഡിജിറ്റൽ ഭൂപടവും സർക്കാർ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 160 പോയിന്റ് ഉയർന്ന് 81,006 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 29 പോയിന്റ് നേട്ടത്തിൽ 24,487 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. പവന് 57,040 രൂപയും ഗ്രാമിന് 7,130 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## വ്യാവസായിക പ്രദർശന മേള - കൊച്ചി

ഇന്ത്യ അന്താരാഷ്ട്ര വ്യാവസായിക പ്രദർശന മേള ഈ മാസം 13 മുതൽ 15 വരെ കൊച്ചി കാക്കനാട് കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ സെൻററിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ 14 ന് വൈകിട്ട് ഉദ്ഘാടനം നിർവ്വഹിക്കും. മന്ത്രിമാരായ പി.രാജീവ്, പി.എ.മുഹമ്മദ് റിയാസ് തുടങ്ങിയവർ സംബന്ധിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&

RNUTVPM